പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **148**

**26.09.2016 ൽ മറുപടിക്ക്**

**വിജിലൻസ് ഡി.ജി.പിയ്ക്കെതിരെ നടപടി**

| **ചോദ്യം:**<br>**ശ്രീ. എം. വിൻസെന്റ്** | **ഉത്തരം :**<br>**ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| **(എ)** വിജിലൻസ് ഡി.ജി.പി. ഡോ.ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 06.01.2016-നോ അതിനുശേഷമോ ചീഫ് സെക്രട്ടറിയ്ക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | **(എ)** ഉണ്ട്. അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു. |
| **(ബി)** പ്രസ്തുത കത്ത് സംബന്ധിച്ച് ചീഫ് സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | **(ബി)** റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;<br><br>**(ഡി)** കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് 06.01.2016-ന് കത്ത് നൽകിയതിനെ തുടർന്നുള്ള ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നടപടിയ്ക്ക് വിധേയനാകേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പി.യായി നിയമിക്കാൻ കാരണം എന്താണ്; | **(സി) & (ഡി)** ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്. ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പിയായി നിയമിച്ചത്. |
| **(ഇ)** പോർട്ട് ഡയറക്ടറായിരിക്കെ ഡോ.ജേക്കബ് തോമസ് നടത്തിയതായി ആരോപിക്കപ്പെട്ട അഴിമതിക്കെതിരെ ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണത്തെ തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;<br><br>**(എഫ്)** ഡോ.ജേക്കബ് തോമസിനെതിരെ സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>**(ജി)** ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | **(ഇ), (എഫ്) & (ജി)** റിപ്പോർട്ടുകളിന്മേൽ തുറമുഖ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**

**Confidential**

No. 24010/42/99-IPS-II
Government of India/Bharat Sarkar
Ministry of Home Affairs/Grih Mantralaya

North Block, New Delhi-1,
Dated, 6 January, 2016

To,

**The Chief Secretary,**
Government of Kerala,
Thiruvananthapuram.

Sub: Complaint against Shri Jacob Thomas, IPS (KL: 1985) - Reg.

Sir,

With reference to your letter no. 68576/Spl.C3/2015/GAD dated 03.12.2015, I am directed to invite your attention to Rule 13 (1) (b) of AIS (Conduct) Rules, 1968 which provides that no member of the Service shall except with the previous sanction of the Government undertake any other employment. DoPT's letter no. 11017/47/2005-AIS (III) dated 27.12.2005 (copy enclosed) provides that violation of the said Rule calls for initiation of disciplinary proceedings for major penalty under Rule 6 of AIS (D&A) Rules, 1969.

2. In view of the above, the Government of Kerala is requested to clarify as to why no disciplinary action has been taken against the moS under Rule 6 of AIS (D&A) Rules, 1969 for violation of aforesaid conduct rule.

Yours faithfully,

(G.C. Yadav)
Consultant (Police)
Tel. No. 23093256

Encl.: As above

Section Officer